# കേരളത്തിൽ എൽ.ഡി എഫ്  അധികാരത്തിൽ വരും L.D.F: 83-90....U.D.F: 50-57....N.D.A: 0

തിരുവനന്തപുരം കേന്ദ്രമായി പ്രവർത്തിക്കുന്ന ഐമെഗ് (ഇൻസ്റ്റിറ്റ്യുട്ട് ഫോർ മോണിട്ടറിംഗ് ഇക്കണോമിക് ഗ്രോത്തിന്റെ സെഫോള ജി വിഭാഗം നടത്തിയ ഏഴാമത് എഡിഷൻ അഭിപ്രായ സർവേയിൽ ഇടതു പക്ഷ ജനാധിപത്യമുന്നണി വ്യക്തമായ ഭൂരിപക്ഷം നേടുമെന്ന് കണ്ടെത്തി .കഴിഞ്ഞ ഒരു വ്യാഴവട്ട കാലമായി വിജയകരമായി Psephology (ഇലക്ഷനിലെ വോട്ടിംഗ് ട്രെൻഡ്) പഠനവും കൂടി നടത്തുന്ന ഗവേഷണ സ്ഥാപനമാണിത്. കഴിഞ്ഞ 6 തവണ നടത്തിയ സർവെ ഫലങ്ങളും തെരഞ്ഞെടുപ്പു ഫലങ്ങളുമായി ഒത്തു പോകുന്നതിനാൽ ഐ മെഗ് സർവെ ഫലങ്ങൾക്ക് ഏറെ സ്വീകാര്യത ഉണ്ട് .മെത്തഡോ ള ജിക്കൾ മികവാണ് കാരണം .ഐമെഗ് നടത്തിയ ഏഴാമത് എഡിഷൻ അഭിപ്രായ സർവെ അനുസരിച്ച് വരുന്ന അസ്സംബ്ലി തെരഞ്ഞെടുപ്പിൽ എൽ ഡി എഫിന് 83 മുതൽ 90 സീറ്റുകൾ വരെ ലഭിക്കും യു ഡി എഫിന് 50 മുതൽ 57 സീറ്റുകൾ വരെ ലഭിക്കുമെന്ന് കണ്ടെത്തി .ബി ജെ പി ഇത്തവണയും അക്കൗണ്ട് തുറക്കാനുള്ള സാധ്യത സർവെയിൽ പ്രതിഫലിച്ചില്ല.

20000 വോട്ടറന്മാർ വീതം ഉള്ള മൂന്നു ഭാഗങ്ങളായി 60,000 പേരെയാണ് കേരളത്തിലെ നിയോജക മണ്ഡലങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഫ്രെമിൽ നിന്നും തെരഞ്ഞെടുത്തത് .ഒന്നാം ഭാഗം സ്വിംഗ് സർവ്വേ . ഇതിൽ സമ്മതിദായകന്റെ കഴിഞ്ഞ അസ്സംബ്ലി തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്ത പാർട്ടിയിൽ നിന്നും ഇത്തവണ മാറ്റമുണ്ടോ എന്നുള്ള ചോദ്യമാണ് .ഉണ്ടെങ്കിൽ ഏതു പാർട്ടി യോടാണ് ഇപ്പോൾ താത്പര്യം . രണ്ടാമത്തെ ഭാഗം നേരിട്ടുള്ള വോട്ടിംഗ് ആണ് .എല്ലാ പാർട്ടികളുടെയും പേരുള്ള ഒരു ബാലറ്റ് സ്ലിപ് തെരഞ്ഞെടുത്ത സമ്മതിദായകർക്ക് നല്കും .അതിൽ അവർ വോട്ടു ചെയ്യാൻ പോകുന്ന പാർട്ടിക്കു നേരെ രഹസ്യമായി ശരി അടയാളം ( ) രേഖ പ്പെടുത്തും .മൂന്നാമത്തെ ഭാഗം ഭരണത്തെ സംബന്ധിച്ച (incumbency) ചോദ്യങ്ങൾ അടങ്ങിയ താണ്.മൂന്ന് ഭാഗങ്ങളിലെയും ഡാറ്റ പൂൾ ചെയ്താണ് ഫലം കണക്കാക്കുന്നത് . ഇതോടൊപ്പം മാച്ചിംഗ് സാമ്പിളുകളിൽ ഐ മെഗ് ഫാക്കൽട്ടി റാൻഡം പരിശോധനയും. നടത്തും. സർവെയ്ക്കുവേണ്ടി തെരഞ്ഞെടുത്തവരിൽ 1.38 ശതമാനംപേരെ അവരുടെ വാസസ്ഥലങ്ങളിൽ കണ്ടെത്താൻ കഴിഞ്ഞില്ല. 0.8 ശതമാനംപേർ നിസ്സഹകരിച്ചു .ഈ പഠനങ്ങളിലെ സാമ്പ്ലിംഗ് എറർ (SE)2.75 ശതമാനമാണെന്ന് കണക്കാക്കാം .

തെരഞ്ഞെടുത്ത വാർഡുകളിൽ പരിശീലനം നൽകിയ പരിചയ സമ്പന്നരായ Enumerators ആണ് വിവര ശേഖരണം നടത്തിയത് . ഇൻസ്റ്റിറ്റുട്ടിന്റെ മറ്റ് സർവെകൾ ചെയ്യുന്ന വരാണിവർ . ഐ മെഗ് ഡയറക്ട ർ ജനറൽ എ .മീരാ സാഹിബിന്റെ നേതൃത്വത്തിൽ faculty അംഗങ്ങളായ പ്രൊ എം.സഫറുള്ള ഖാൻ , റ്റി .പി മുകുന്ദൻ, പ്രൊഫ.ജെ .ജയകുമാർ,ഡോ.( പ്രൊഫ.). താജുദ്ദീൻ എന്നിവരാണ് കേരളം മുഴുവൻ സഞ്ചരിച്ച് സർവെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും പ്രത്യേക മാച്ചിംഗ് സാമ്പിളുകളിൽ പോളിംഗ് നടത്തുകയും , സമ്മതിദായകരോട് നേരിട്ട് സംവദിക്കുകയും ചെയ്തത് . ഇൻസ്റ്റിറ്റ്യുട്ടിന്റെ ക്വാളിറ്റി കണ്ട്രോൾ വിഭാഗം ലഭിച്ച data യുടെ ഗുണ നിലവാരം ഉറപ്പു വരുത്തി. ഏപ്രിൽ 20 മുതൽ മെയ് 6 വരെ തീയതികളിലാണ് സർവെ നടന്നത്.സന്തോഷ്കുമാർ സർവെ അസോസിയേറ്റായി ടീമിനോടൊപ്പം സഞ്ചരിച്ചു.

-2- .

സർവെയുടെ വിശദാംശങ്ങൾ പരിശോധിക്കുമ്പോൾ വടക്കൻ കേരളവും , തെക്കൻ കേരളവും എൽ ഡി എഫിനെ കൂടുതൽ പിന്തുണക്കുമ്പോൾ മധ്യ കേരളത്തിൽ യു .ഡി .എഫി ന് ചെറിയ edge ഉള്ളതായി കാണാം .ബി ഡി ജെ എസ്സിനെ മുന്നിൽ നിറുത്തി തെരഞ്ഞെടുപ്പു നേരിടാൻ ബി ജെ പി എടുത്ത തീരുമാനത്തോട് സർവെയിൽ പങ്കെടുത്ത ഭൂരിപക്ഷം സമ്മതിദായകരും യോജിക്കുന്നില്ല. ബി ഡി ജെ എസ്സിന്റെ രാഷ്ട്രീയ പ്രസക്തി യെ കുറിച്ചുള്ള ചോദ്യത്തിനു രാഷ്ട്രീയ പ്രസക്തി യില്ല എന്ന് ഉത്തരം നല്കിയത് 78ശതമാനം പേരാണ് .10 ശതമാനം പേർക്ക് ഇതിനെക്കുറിച്ച് വ്യക്തമായി അറിയില്ല .രാഷ്ട്രീയ പ്രസക്തി ഉണ്ടെന്ന് അഭിപ്രായ പ്പെട്ടത് 8 ശതമാനം പേർ മാത്രം .4 ശതമാനം പേർക്ക് ഇക്കാര്യത്തിൽ പ്രത്യേക അഭിപ്രായം ഇല്ല ..രാഷ്ട്രീയ പ്രസക്തി ഉണ്ടെന്ന് അഭിപ്രായ പ്പെട്ട 8

ശതമാനം പേരിൽ തന്നെ 5 ശതമാനം പേർ മാത്രമാണ് ഈ കക്ഷി ഒരു സീറ്റെങ്കിലും നേടുമെന്ന് പറഞ്ഞത്

ചുരുക്കം ചില മണ്ഡലങ്ങളിൽ മാത്രമാണ് tripolar മത്സരമുള്ളതെന്ന് സർവെ ഫലങ്ങൾ സൂചിപ്പിക്കുന്നത്. കഴിഞ്ഞ തെരഞ്ഞെടുപ്പുകളെ അപേക്ഷിച്ച് എൻ ഡി എ കക്ഷികൾക്ക് ഇത്തവണ വോട്ട് വിഹിതം കൂടും എൻ ഡി എ 140 മണ്ഡലങ്ങളിലും മത്സരിക്കു ന്നതിനാൽ എൻ ഡി എ സഖ്യ കക്ഷികളുടെ വോട്ട് ബി ജെ പി മത്സരിക്കുന്ന മണ്ഡലങ്ങളിൽ ലഭിക്കുന്നതിനാലാണ് ഈ വോട്ട് വർദ്ധന . .ഇത് നിയോജക മണ്ഡല അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ സീറ്റുകൾ ലഭിക്കാൻ പര്യാപ്തമല്ല . എന്നാൽ മറ്റു മുന്നണികളിലെ സ്ഥാനാർത്ഥികളുടെ വോട്ട് ഷെയർ കുറയും .ഭൂരിപക്ഷത്തിലും കുറവ് സംഭവിക്കും. ബി ജെ പി സജീവ സാന്നിധ്യം കാണിക്കുന്ന നാല് മണ്ഡലങ്ങൾ മാത്രമാണ് ഉള്ളതെന്ന് സർവെ ഫലങ്ങൾ ചൂണ്ടി കാണിക്കുന്നു .വോട്ട് ശതമാനം ഇവിടങ്ങളിൽ കൂടുമെങ്കിലും ജയ സാധ്യത കുറവാണ്. ബി ജെ പി യുടെ പരമ്പരാഗത വോട്ടിൽ ബി ഡി ജെ എസ് കൂട്ട്കെട്ട് വിള്ളൽ വീഴ്ത്തും എന്നാൽ കുറെ ബി ഡി ജെ എസ് സമുദായ വോട്ടുകൾ എൻ.ഡി എ ഘടക കക്ഷികൾക്ക് ലഭിച്ചേക്കാം. യു .ഡി.എഫിൽ നിന്നും എൻ.ഡി .എ യിലേക്കുള്ള കൂറ് മാറ്റം പ്രകടമാണ്. യു ഡി എഫിൽ നിന്നും എൽ ഡി എഫിലേക്കുള്ള മാറ്റം ദൃശ്യമാണ്.എന്നാൽ എൽ ഡി എഫിൽ നിന്നും യു ഡി എഫിലേക്കും എൻ.ഡി എ യിലേക്കുമുള്ള മാറ്റം സർവെ ഫലപ്രകാരം നാമമാത്രമാണ് .

ഇത്തവണ മലബാർ പ്രദേശത്ത് വെൽഫെയർ പാർട്ടിയും,എസ് ഡി പി ഐ യും യു ഡി എഫിന്റെ വോട്ടു ബാങ്കിൽ സാരമല്ലാത്ത കുറവ് വരുത്തും .ഭൂരിപക്ഷം കുറയുന്ന മണ്ഡലങ്ങളിൽ ഈ വോട്ടുകൾ നിർണായകമാണ്.മത നേതാക്കളുടെ ഭീഷണി രണ്ടു യു ഡി എഫ് നിയോജക മണ്ഡലങ്ങളിലെ ജയ സാധ്യതയെ ബാധിക്കും രാഷ്ട്രീയ അടിയൊഴുക്കുകളും ,വോട്ടു കച്ചവടങ്ങളും നടക്കുമെങ്കിൽ സർവെ ഫലങ്ങളിൽ നേരിയ മാറ്റം സംഭവിച്ചേക്കാം

.വടക്കൻ കേരളത്തിലെ വിമത നീക്കവും യു ഡി എഫിന്റെ സാധ്യതകളെ. സാരമായി ബാധിക്കും.

ദേശീയ നേതാക്കളുടെ സന്ദർശനങ്ങളോ പ്രചാരണങ്ങളോ വോട്ടറന്മാരിൽ വലിയ സ്വാധീനം ഒന്നും തന്നെ ചെലുത്തുന്നില്ല .വോട്ടു ചെയ്യണമെന്നു തീരുമാനിച്ചു ഉറപ്പിച്ചാൽ അതിൽ വലിയ മാറ്റമൊന്നും ഉണ്ടാവുകയില്ലെന്ന് ഭൂരിപക്ഷം പേരും റിസർച്ച് ടീമിനോട് പറഞ്ഞു .

-3-

ഇപ്പോഴത്തെ സർക്കാർ തെരഞ്ഞെടുപ്പിന് തൊട്ടു മുൻപ് എടുത്ത തീരുമാനങ്ങൾ ശരിയായിരുന്നില്ലെന്ന് സർവെയിൽ പങ്കെടുത്ത 60 ശതമാനം പേർ അഭിപ്രായപ്പെട്ടു .ശരിയായിരുന്നുവെന്ന് 17 ശതമാനം പേരും ,ഇതിനെക്കുറിച്ച് അറിയില്ലെന്ന് 14 ശതമാനം പേരും, ഇക്കാര്യത്തിൽ പ്രത്യേക അഭിപ്രായം ഇല്ലെന്നു 9 ശതമാനം പേരും അഭിപ്രായം രേഖപ്പെടുത്തി .ഏതൊക്കെ തീരുമാനങ്ങളാണ്തെറ്റെന്നചോദ്യത്തിന് വിജിലൻസ് കേസുകളിലെ ആരോപിതമായ ഇടപെടൽ (28 ശതമാനം ),ആരോപിതമായ സർക്കാർ ഭൂമി കൈ മാറ്റം (61 ശതമാനം) ,ബാർ അനുവദിക്കൽ (11 ശതമാനം) എന്നിവയാണെന്ന് തെരഞ്ഞെടുത്ത വോട്ടറന്മാർ അഭിപ്രായപെട്ടു .

ബാറുകൾ പൂട്ടിയത് കൊണ്ട് ആളുകൾ മദ്യപാനം നിർത്തിയതായി അറിയില്ലെന്ന് 90 ശതമാനും പേരും അഭിപ്രായപെട്ടു .10 ശതമാനംപേർക്ക് ഇതെക്കുറിച്ച് അറിയില്ലെന്നും പറഞ്ഞു . ബാറുകളിൽ പോയി മദ്യപിച്ചിരുന്നവർ ബിവറേജ് / കൺസ്യൂമർ ഫെഡ് എന്നിവിടങ്ങളിൽ നിന്നുംവാങ്ങി ഹോട്ടൽ/ലോഡ്ജു മുറികളിലും വാഹനങ്ങളിലും,വീട്ടിലും വച്ച്മദ്യപിക്കുന്നതായി അറിയാമെന്ന് മേൽപ്പറഞ്ഞ 90 ശതമാനം പേർ പറഞ്ഞു. ബാർ കോഴ ആരോപണങ്ങൾ ശരിയാണെന്ന് വിശ്വസിക്കുന്നു ണ്ടോ എന്ന ചോദ്യത്തിന് ശരിയാണെന്ന് 70 ശതമാനം പേരും ,ശരിയല്ലെന്ന് 13 ശതമാനം പേരും 10 ശതമാനം പേർക്ക് ഇതിന്റെ വിശദാംശങ്ങൾ അറിയില്ലെന്നും 7 ശതമാനം പേർക്ക് അഭിപ്രായമില്ലെന്നും പറഞ്ഞു

.സോളാർ തട്ടിപ്പിൽ ഭരണകക്ഷിക്ക് പങ്കുണ്ടെന്ന് വിശ്വസിക്കുന്നവർ 63 ശതമാനം ,വിശ്വാ സമില്ലാത്തവർ 14 ശതമാനം പേർ,അഭിപ്രായമില്ലാത്തവർ 23 ശതമാനം പേരുമാണ് .താങ്കളുടെ പ്രദേശത്ത് ജല ക്ഷാമം അനുഭവപ്പെടുന്നുണ്ടോ എന്ന ചോദ്യത്തിന് അനുഭവപ്പെടുന്നുണ്ടെന്ന് 81 ശതമാനം പേരും ഇല്ലെന്നു 19 ശതമാനം പേരും പറഞ്ഞു .

ജലക്ഷാമം ,ക്രമാതീതമായ ചൂട് എന്നിവയ്ക്ക് എന്താണ് കാരണം എന്ന ചോദ്യത്തിന് വയൽ-തണ്ണീർ തടം നികത്തൽ 63 ശതമാനം പേരും വനനശീകരണം 20 ശതമാനം പേരും, അൽ നിനോ 9 ശതമാനം പേരും , കാരണം അറിയില്ലെന്ന് 8 ശതമാനം പേരും അഭിപ്രായപെട്ടു . ദളിതർക്കും.ദരിദ്രർക്കും,ന്യൂ ന പക്ഷങ്ങൾക്കും എതിരാണ് ബി ജെ .പി എന്ന പ്രചരണം ശരിയാണെന്ന് 60 ശതമാനം പേരും ശരിയല്ലെന്ന് 27 ശതമാനം പേരും ,ഇതിനെ കുറിച്ച് ധാരണ ഇല്ലെന്നു 13 ശതമാനം പേരും അഭിപ്രായപെട്ടു .

ഇടതു മുന്നണിയുടെ പ്രവർത്തനത്തെ കുറിച്ച് താങ്കളുടെ അഭിപ്രായം എന്താണെന്ന ചോദ്യത്തിന് 51 ശതമാനം പേർ ജന പക്ഷമെന്നും 11 ശതമാനം പേർ ജന വിരുദ്ധമെന്നും ,രണ്ടുമല്ലെന്ന് 18 ശതമാനം പേരും അഭിപ്രായമില്ലെന്ന് 20ശതമാനം പേരും പറഞ്ഞു.

ദിവസവും മുടങ്ങാതെ പത്രം വായിക്കാറുണ്ടോ എന്ന ചോദ്യത്തിന് വായിക്കാ റുണ്ടെന്ന് 63 ശതമാനവും , വായിക്കാറില്ലെന്ന് 13 ശതമാനം പേരും വല്ലപ്പോഴും/ അല്ലെങ്കിൽ പ്രധാന പെട്ട സംഭവങ്ങൾ നടക്കുമ്പോൾ മാത്രം പത്രം വായിക്കു മെന്ന് 24 ശതമാനം പേരും സർവെയിൽ പങ്കെടുത്തു പറഞ്ഞു .

ദിവസവും മുടങ്ങാതെ ടെലി വി ഷൻ ചാനൽ വാർത്തകൾ കാണുന്നവർ 45 ശതമാനം പേരും കാണാറില്ലെന്നു 35 ശതമാനം പേരും വല്ലപ്പോഴും/ അല്ലെങ്കിൽ



പ്രധാന പെട്ട സംഭവങ്ങൾ നടക്കുമ്പോൾ മാത്രം വാർത്തകൾ ശ്രദ്ധിക്കുന്നവർ 20 ശതമാനവും ആണ് .

ദിവസവും മുടങ്ങാതെ ടെലി വി ഷൻ ചാനൽ ചർച്ചകൾ കാണുന്നവർ 25 ശതമാനം പേരും, വല്ലപ്പോഴും മാത്രം കാണുന്നവർ 12 ശതമാനം പേരും പ്രധാന പെട്ട സംഭവങ്ങൾ നടക്കുന്ന സമയത്ത് ശ്രദ്ധിക്കുന്നവർ 30 ശതമാനം പേരും , തീരെ കാണാത്തവർ 33 ശതമാനം പേരുമാണ് . സമ്മതിദായകരിൽ വർദ്ധിച്ച തോതിൽ ഭരണ വിരുദ്ധ വികാരംഉണ്ടെന്നു സർവെ ഫലങ്ങൾസൂചിപ്പിക്കുന്നു .

പത്ര സമ്മേളനത്തിൽ IMEG Director General എ .മീരാസാഹിബ് ,വൈസ് ചെയർമാൻ പ്രൊഫ .എം .സഫറുള്ള ഖാൻ ,ഫാക്കൽറ്റി അംഗങ്ങളായ എ .എം .ജോസഫ്, റ്റി .പി.മുകുന്ദൻ, പ്രൊഫ. ജെ .ജയ കുമാർ ,പ്രൊഫ(ഡോ)എസ് .താജുദീൻ എന്നിവർ പങ്കെടുത്തു

കൂടുതൽ വിവരങ്ങൾ www.imegkerala.org എന്ന വെബ്സൈറ്റിൽ ഇന്ന് ഉച്ചക്ക് ഒരു മണി മുതൽ ലഭിക്കും